II ഇ.ബി. XII കേരള നിയമസഭ/ VIII- 2

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 24, ചൊവ്വ

നിയമസഭയുടെ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ.**

4 (*31) ആത്മീയതയുടെ പേരിലുള്ള കുറ്റകൃത്യങ്ങൾ.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ആത്മീയതയുടെയും ജീവകാരുണ്യപ്രവർത്തനങ്ങളുടെയും പേരിൽ കുറ്റകൃത്യങ്ങളും കുംഭകോണങ്ങളും നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട വ്യക്തികൾ/ട്രസ്റ്റുകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെ വിവിധ ജില്ലകളിലായി ഏതാണ്ട് ഇരുപത്തിരണ്ടോളം കേസ്സുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആത്മീയതയുടെ പേരിൽ എന്തെങ്കിലും തട്ടിപ്പ്, വെട്ടിപ്പ്, വശീകരണം, ചൂഷണം മുതലായ ക്രിമിനൽ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യുക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ആത്മീയതയുടെ പേരിൽ ആളുകളെ വഞ്ചിക്കുക, ആത്മീയതയുടെ പരിവേഷം സൃഷ്ടിച്ച് ഒരു വിഭാഗം ആളുകളുടെ പിൻതുണ നേടിയശേഷം ട്രസ്റ്റ്

രൂപീകരിക്കുക, ആ ട്രസ്റ്റിൽ നിന്ന് കിട്ടുന്ന പണം ഉപയോഗിച്ച് സ്വന്തം പേരിൽ ഭൂമി വാങ്ങുക തുടങ്ങിയ നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നവരുടെ പേരിൽ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ സാമ്പത്തികസഹായം എന്ന പേരിൽ സമാഹരിക്കുന്നത് വിദേശ പണമാണെന്നതിനാൽ, അതിനെതിരെ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവണ്മെന്റിന് മാത്രമേ കഴിയുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റിന് സംസ്ഥാന ഗവണ്മെന്റ് കത്തയച്ചിട്ടുണ്ട്. കപട ആത്മീയതയെയും ശരിയായ ആത്മീയതെയും വേർതിരിച്ച് കാണുന്നതിന്റെ ഭാഗമായിട്ടാണ് ആക്ഷേപത്തിന് വിധേയമായ കേസ്സുകൾ പരിശോധിക്കുന്നത്. ജനങ്ങളിൽ ഇതു സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ ഒരു പരിധി വരെ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് കപട സന്യാസിമാർക്ക് വളരാനുള്ള സ്ഥിതിവിശേഷമുണ്ടാക്കുന്നത്. ഇത്തരം കപട സന്യാസിമാരെ പ്രോൽസാഹിപ്പിക്കുന്ന പ്രവണതയിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കാനുള്ള അവബോധം നടത്താനായി ബഹുജനപ്രസ്ഥാനങ്ങൾ മുൻകയ്യെടുക്കണം. ധർമ്മസ്ഥാപനങ്ങളുടെ മറവിൽ നടന്നിട്ടുള്ള മരണങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ആക്ഷേപം കിട്ടുന്ന മുറയ്ക്ക് ഗവണ്മെന്റ് പരിശോധിക്കുകയും അവയിന്മേൽ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രാവൻകൂർ കൊച്ചിൻ ലിറ്ററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, ഇൻഡ്യൻ ട്രസ്റ്റ് ആക്ട് എന്നിവയനുസരിച്ച് പ്രവർത്തിക്കുന്ന ട്രസ്റ്റുകളുടെ പ്രവർത്തനത്തിൽ നിലവിലുള്ള നിയമമനുസരിച്ച് സംസ്ഥാനഗവണ്മെന്റിന് ഇടപെടാൻ കഴിയില്ല. ഇത്തരം ട്രസ്റ്റുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ അധികാരങ്ങൾ

സംസ്ഥാന ഗവണ്മെന്റിൽ നിക്ഷിപ്തമാക്കേണ്ടതുണ്ട്. എന്നാൽ രാജസ്ഥാൻ, മഹാരാഷ്ട്ര ഗവണ്മെന്റുകൾ ഇത്തരം അധികാരങ്ങൾ ഉൾപ്പെടുത്തി ഒരു ട്രസ്റ്റ് ആക്ട് രൂപീകരിച്ചിട്ടുണ്ട്.. അത് പരിശോധിച്ചുകൊണ്ട് സംസ്ഥാനത്തും ഒരു ട്രസ്റ്റ് ആക്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനായി നിലവിലുള്ള നിയമം പര്യാപ്തമല്ലെങ്കിൽ പുതിയ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. നോൺ ഗവണ്മെന്റൽ ഓർഗനൈസേഷനുകൾക്ക് ഫോറിൻ കോൺട്രിബ്യൂഷൻ ലഭിക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ എൻ.ഒ.സി. കൊടുത്ത് കേന്ദ്രഗവണ്മെന്റിനെ നേരിട്ട് അറിയിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അറിയിക്കുന്ന സ്ഥാപനങ്ങൾക്കെല്ലാം ഫോറിൻ കോൺട്രിബ്യൂഷൻ വാങ്ങാനുള്ള അധികാരമുണ്ട്. സംസ്ഥാന ഗവണ്മെന്റിന് ഈ കാര്യം പരിശോധിക്കാനുള്ള സംവിധാനമില്ല. എൻ.ഒ.സി. നൽകി യിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച പരിശോധന നടത്താൻ സംസ്ഥാന ഗവ ണ്മെന്റ് തയ്യാറാണ്. ആത്മീയതയുടെ പേരിൽ പല മതവിഭാഗങ്ങളിൽപ്പെട്ട സംഘടനകൾ നടത്തുന്ന തട്ടിപ്പുകളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടു ന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കുന്നതല്ലെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5 (*32). <u>വേനൽമഴമൂലം കാർഷികരംഗത്തുണ്ടായ നാശനഷ്ടങ്ങൾ.</u>

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ 2008 മാർച്ച് മാസത്തിലെ വേനൽ മഴ 30370 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചതായി സഭയെ അറിയിച്ചു. 1.5

ലക്ഷം മെട്രിക് ടൺ നെല്ലിന് വിവിധ തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചതുവഴി ഈ മേഖലയിൽ 151.76 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ കുരുമുളക്, കാപ്പി, കശുമാവ്, കമുക്, റബ്ബർ, വാഴ,പച്ചക്കറികൾ, മരച്ചീനി, പയർവർഗ്ഗങ്ങൾ തുടങ്ങി ഒട്ടുമിക്കവിളകളേയും വേനൽ മഴ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷിക മേഖലയിൽ മൊത്തം 133041 ഹെക്ടർ സ്ഥലത്ത് 363.39 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയുടെ നിലവിലുള്ള മാനദണ്ഡപ്രകാരം കാർഷിക മേഖലയിലുണ്ടായ നഷ്ടം 7692. 82 ലക്ഷം രൂപയാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ മറികടന്ന് കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ 25 കോടി രൂപ അനുവദിച്ചു. ഈ തുക ഉപയോഗപ്പെടുത്തി അൻപത് ശതമാനത്തിലധികം നെൽകൃഷി നഷ്ടപ്പെട്ടവർക്ക് അത് പൂർണ്ണ നഷ്ടമായി കണക്കാക്കി ഹെക്ടറൊന്നിന് 10,000 രൂപ നഷ്ടപരിഹാരമായി നൽകി. നെൽകൃഷി ഭാഗികമായി നഷ്ടം സംഭവിച്ച കർഷകർക്ക് നെല്ലിന് മെട്രിക് ടൺ ഒന്നിന് 2,200 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകി. കൂടാതെ വേനൽമഴയെത്തുടർന്ന് സംഭരിച്ച ഭക്ഷ്യയോഗ്യമല്ലാത്ത അരി ലഭിക്കുന്ന നെല്ല് കിലോഗ്രാമിന് 6 രൂപ നിരക്കിൽ മില്ലുടമകൾ കർഷകരിൽനിന്നും വാങ്ങുന്നതിനും ബാക്കി കിലോഗ്രാമിന് 4 രൂപ നിരക്കിൽ സർക്കാർ കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിച്ചു. കൂടാതെ മറ്റു വിളകൾക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിൽ ലഭ്യമായതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്നതുമായ അമ്പതോളം

കൊയ്ത്തു മെതിയന്ത്രങ്ങൾ കൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഭക്ഷ്യ യോഗ്യമായതും അല്ലാത്തതുമായ നെല്ല് സിവിൽ സപ്ലൈസ് വഴി സംഭരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിക്കാർക്കുള്ള ധനസഹായമായി 17.08 കോടിയിലധികം രൂപ വിവിധ ജില്ലകളിലേക്ക് അനുവദിക്കുകയും 14.48 കോടിയിലധികം രൂപയുടെ ധനസഹായം 37404 കർഷകർക്ക് ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞിട്ടുമുണ്ട്. അടുത്ത വിളയ്ക്കു വേണ്ടി സംസ്ഥാനത്ത് 1779.605 മെട്രിക് ടൺ നെൽ വിത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, തൃശ്ശൂർ, സമഗ്ര കുട്ടനാട് എന്നീ പ്രധാന നെൽകൃഷി മേഖലയിൽ നെൽ കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലെ ഘടകങ്ങൾ ഉൾപ്പെടുത്തി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. വേനൽ മഴയിൽ എല്ലാ മേഖലകളിലും ഉണ്ടായ നാശനഷ്ടങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. വേനൽമഴപോലെയുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് നിലവിലുള്ള മാനദണ്ഡങ്ങളിൽ അയവ് വരുത്തി കേരളത്തിന് സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആദ്യം സംസ്ഥാന മന്ത്രിതല സംഘവും, പിന്നീട് മുഖ്യമന്ത്രിയും, പ്രതിപക്ഷനേതാവും മന്ത്രിമാരും കക്ഷിനേതാക്കളും അടങ്ങിയ സർവ്വകക്ഷി സംഘവും പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവരെ കണ്ട് നിവേദനം നടത്തിയിട്ടും കേന്ദ്ര സംഘം ഇവിടം സന്ദർശിച്ച് കണക്കെടുത്തതല്ലാതെ നാളിതുവരെ വേനൽമഴയിലുണ്ടായ പ്രകൃതിക്ഷോഭദുരിതാശ്വാസത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

വേനൽമഴമൂലം നഷ്ടം സംഭവിച്ച  വാഴ, കശുമാവ്, മാവ് തുടങ്ങിയവയ്ക്കും ചില ജില്ലകളിൽ  റവന്യു വകുപ്പിന്റെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നഷ്ടപരിഹാരം  കൊടുത്തു  തുടങ്ങിയിട്ടുണ്ട്. കുട്ടനാട് കാർഷികമേഖല യിൽ കൊടുക്കാനുള്ള നഷ്ടപരിഹാരത്തിൽ ശേഷിക്കുന്ന  തുക വിതരണം ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷ ണവും  വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. വേനൽമഴയിലുണ്ടായ നഷ്ടം കൊടുത്തുതീർക്കുന്നതിൽ ചില സ്ഥലങ്ങളിൽ ക്രമക്കേട് നടന്നതു സംബന്ധിച്ച് കിട്ടിയ പരാതിയിന്മേൽ അന്വേഷണം നട ത്തുന്നതാണ്. പാലക്കാട് ജില്ലയിൽ വേനൽമഴമൂലം നശിച്ച മറ്റു കാർഷികവി ളകൾക്ക് റവന്യൂ വകുപ്പിന്റെ കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്ന് നഷ്ടപരി ഹാരം കൊടുക്കുന്ന കാര്യം പരിശോധിക്കാം. സാധാരണ നെല്ലിന് കിലോയ്ക്ക് പത്തുരൂപയും ഗ്രേഡ് I- നെല്ലിന് 10.50 രൂപയും കൊടുക്കണ മെന്നുള്ള ശുപാർശ  കേന്ദ്ര വിലനിർണ്ണയ കമ്മീഷൻ തന്നെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. അത് അംഗീകരിച്ചു നൽകണമെന്ന ആവശ്യം  നിലനിൽക്കുന്ന സാഹചര്യത്തിലാണ്  ഇപ്പോൾ 8.50 രൂപയായി കേന്ദ്രം വില നിശ്ചയിച്ചത്.  ദുരിതാശ്വാസധനസഹായം നൽകുന്നതിന്  നില വിലുള്ള നോംസിൽ നാളികേരം ഉൾപ്പെടുത്തണമെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ  കേരകർഷകരുടെ  പൊതു പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനായി  ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേരകർഷകരെ സംഘടിപ്പിച്ച് നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉൽപ്പാദന വർദ്ധനവും സൃഷ്ടിക്കുന്ന തിന്  നാളികേര വികസന ബോർഡുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള  വിവരങ്ങൾ രണ്ടാഴ്ച മുമ്പെങ്കിലും

കർഷകർക്ക് കിട്ടാവുന്ന തരത്തിൽ ശാസ്ത്രീയമായ, ആധുനികരീതിയിലുള്ള സംവിധാനം രൂപപ്പെടുത്തണമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. വേനൽമഴ യെത്തുടർന്നുണ്ടായ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേരളം നിവേദ നം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംഘം ഇവിടെ വന്ന് ബന്ധ പ്പെട്ട സ്ഥലങ്ങളിൽ പോയി ജനപ്രതിനിധികളുമായും കർഷകരുമായും ഗവ ണ്മെന്റുമായും ചർച്ച നടത്തിയശേഷം സമർപ്പിച്ച ശുപാർശ കേന്ദ്രത്തിലെ ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റി പരിശോധിച്ച് അവരുടെ റെക്കമെന്റേഷൻ കേന്ദ്ര കൃഷിവകുപ്പുമന്ത്രിയും കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയും കേന്ദ്ര ധന കാര്യവകുപ്പുമന്ത്രിയുമടങ്ങുന്ന ഹൈലെവൽ കമ്മിറ്റി മുമ്പാകെ തീരുമാന മെടുക്കാതെ വച്ചിരിക്കുകയാണെന്നും കമ്മിറ്റി ചോദിച്ച വിശദീകരണങ്ങൾ അതാതു സമയത്ത് കേരളാ ഗവണ്മെന്റ് കൊടുത്തിട്ടുണ്ടെന്നും ഹൈലവൽ കമ്മിറ്റി യോഗം കൂടി കേരളത്തിന് ധനസഹായം അനുവദിക്കുന്ന കാര്യ ത്തിൽ എത്രയും പെട്ടെന്ന് തീരുമാനം ഉണ്ടാക്കുന്നതിനായി പ്രതി പക്ഷനേതാവുൾപ്പെടെയുള്ളവർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും റവന്യൂവകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. നെൽകൃഷിയുടെ കാര്യത്തിൽ വിവിധ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പ്രൊഡക്ഷൻ കോസ്റ്റ് കൂടുതലാ യതിനാൽ അതുകൂടി ഉൾപ്പെടുത്തി സപ്പോർട്ട് പ്രൈസ് നിശ്ചയിക്കണ മെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വേനൽമഴയിൽ കണ്ണൂർ ജില്ലയിൽ 1384 നെൽകർഷകർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ട്. അവിടെ കശുമാവ് കർഷകർക്കുണ്ടായ നഷ്ടം റവന്യൂ വകുപ്പിന്റെ കലാമിറ്റി ഫണ്ടിൽ നിന്ന് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലോവർ കുട്ടനാട്ടിൽ കൃഷി തുട ങ്ങി അപ്പർ കുട്ടനാട്ടിൽ അവസാനിപ്പിക്കുന്ന വിധത്തിൽ, കുറച്ച് നേരത്തേ

കൊയ്യാൻ കഴിയുന്ന തരത്തിൽ ഒരു കാർഷിക കലണ്ടർ നിശ്ചയിച്ചിട്ടുണ്ട്. കുട്ടനാട് മേഖലയിൽ എത്രത്തോളം കൊയ്ത്തുയന്ത്രം ആവശ്യമാണെന്നുള ളത് നിശ്ചയിച്ച് അതിനനുസരിച്ച് യന്ത്രം ഉറപ്പാക്കുന്ന ഒരു സംവിധാനവുമു ണ്ടാക്കിയിട്ടുണ്ട്. നെൽവയലുകൾ സംരക്ഷിക്കുന്നതിനായി നെൽവയൽ സംരക്ഷണ നിയമം ഗവണ്മെന്റിന്റെ സജീവപരിഗണനയിലാണെന്ന് ഒരുപചോ ദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

6. (*33) <u>ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന് നടപടി.</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, വ്യവസായസ്ഥാപനങ്ങളിലും വിവിധ തൊഴിൽ മേഖ ലകളിലും ട്രേഡ് യൂണിയനുകളുടെ അനിയന്ത്രിതമായ ബാഹുല്യം നിയന്ത്രി ക്കുന്നതിനും തൊഴിലാളികളുടെയാകെ പൊതുവായ അവകാശങ്ങൾ നേടി യെടുക്കാനും ഓരോ സ്ഥാപനത്തിലും സമാധാനപരമായ തൊഴിൽ അന്ത രീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള കേരള റെക്കഗ്നീഷൻ ഓഫ് ട്രേഡ് യൂണിയൻ ബിൽ (2008) ന് അന്തിമ രൂപം നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ബിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കു കയാണ്. കേന്ദ്ര ഗവൺമെന്റ് ഈ ബിൽ സംബന്ധിച്ച് ഉന്നയിച്ച സംശയ ങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മറുപടി നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് അന്തിമ മറുപടി ലഭിച്ചാലുടൻ ആ ബിൽ നിയമമാക്കു ന്നതാണ്. സോൾ ബാർഗയിനിംഗ് ഏജന്റ്, പ്രിൻസിപ്പൽ ബാർഗയിനിംഗ് ഏജന്റ്, ജോയിന്റ് ബാർഗയിനിംഗ് ഏജന്റ്, എന്നിവയ്ക്കുപുറമെ ഒരു നിശ്ചിത ശതമാനം വ്യവസായ സ്ഥാപനങ്ങളിൽ നിശ്ചിത ശതമാനം വോട്ട് കിട്ടുന്ന സംഘടനകൾക്കും അംഗീകാരം കൊടുക്കുന്ന ഒരു നിയമനിർമ്മാണമാണ്

ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്നത്. വ്യവസായമേഖലയിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിർത്താൻ തൊഴിൽ തർക്കങ്ങളിൽ അടിയന്തിര മായി ഇടപെടുകയും അനുരഞ്ജന ചർച്ചകളിലൂടെ പ്രശ്നം ഒത്തുത്തീർപ്പാ ക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നു. മെച്ചപ്പെട്ട സേവന വേതന ആനുകൂ ല്യങ്ങളും തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന മറ്റ് നിയമ പരിരക്ഷകളും ലഭിക്കുന്നതിന് തൊഴിലാളികളെ സഹായിക്കുന്നതിനും അതുവഴി തൊഴിലാളി തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിനും തൊഴിൽ വകുപ്പ് സദാ ജാഗരൂ കമാണ്. കൂടാതെ അസംഘടിത മേഖലയിൽപ്പെട്ട തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങളും അവരുടെ സേവനവേതന വ്യവസ്ഥകളും പരിഹരി ക്കുന്നതിന് വ്യവസായ ബന്ധ സമിതികൾ നിലവിലുണ്ട്. ഇവ കൃത്യമായും യോഗം ചേരുകയും തർക്കങ്ങളിൽ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട ്. ഹിതപരിശോധനയിലൂടെ അംഗീകൃത ട്രേഡ് യൂണിയനുകളെ നിശ്ചയിക്കു ന്നതിനായി, കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 15 പൊതുമേഖലാ സ്ഥാപനങ്ങ ളിൽ തൊഴിൽ വകുപ്പ് നേരിട്ട് ഇടപെടുകയും റഫറണ്ടം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ തൊഴിൽ വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടായ ഒത്തുത്തീർപ്പിന്റെ അടിസ്ഥാനത്തിൽ ഏതാനും പൊതുമേഖലാ സ്ഥാപനങ്ങ ളിലും ചില വ്യവസായ തൊഴിൽ സ്ഥാപനങ്ങളിലും റഫറണ്ടം നടത്തിയി ട്ടുണ്ട്. ഇത്തരം ഹിത പരിശോധനയിലൂടെ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അംഗീകൃത ട്രേഡ് യൂണിയനുകൾ മാത്രം ഉൾപ്പെട്ട ഉഭയകക്ഷി ചർച്ചകളിൽ കൂട്ടായ വിലപേശൽ സാധ്യമാകു കയും അതുവഴി തൊഴിൽ തർക്കങ്ങൾ വേഗം പരിഹൃതമാവുകയും ചെയ്യുന്ന തിനാൽ ഈ സംവിധാനം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായ കരമാണ്. സ്വകാര്യമേഖലയിലെ വ്യവസായസ്ഥാപനങ്ങളിലും ഹിതപരി

ശോധന നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൊഴിലാളികൾ അവകാശ പത്രിക നൽകുകയോ ആവശ്യങ്ങൾ ഉന്നയിക്കുകയോ ചെയ്താൽ ഈ മേഖലയിലുള്ള തൊഴിലാളി സംഘടനകളെ മുഴുവൻ വിളിച്ച് കോൺഫറൻസ് നടത്തുകയാണ് പതിവ്. കയർത്തൊഴിലാളികളുടെ പ്രശ്നത്തിൽ അംഗീകൃത തൊഴിലാളി സംഘടനകളെയെല്ലാം വിളിക്കാതെ കോൺഫറൻസ് നടത്തി തീരുമാനമെടുത്തത് തീരുത്തുകയും പിന്നീട് ശരിയായ തീരുമാനമെടുക്കുകയും ചെയ്തതായി ഒരുപചോദ്യത്തിന് ഉത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 34 മുതൽ 60 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 207 മുതൽ 475 വരെയുള്ള ചോദ്യങ്ങളിൽ 119 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)